പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1368 — 15.06.2012 ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.പി. മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കാർഷിക മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; കാർഷിക മേഖലയിലെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(എ) കാർഷിക മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

a) കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നെൽകൃഷി, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉൽപാദന വർദ്ധനവിനായി ഒരു സംയോജിത കാർഷിക വികസന പദ്ധതി നടപ്പിലാക്കാനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

b)നാളികേരത്തിന്റെ ഉൽപാദനം, മൂല്യവർദ്ധന, വിപണി എന്നിവ ശക്തിപ്പെടുത്തി നാളികേര കൃഷി ലാഭകരമാക്കുന്നതിനും, ന്യായമായ വില ഉറപ്പുവരുത്തുന്നതിനുമായി ഒരു സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കും.

c) ചെറുകിട നാമമാത്ര തെങ്ങു കർഷകർക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി നാളികേര ഉൽപാദക സംഘങ്ങൾ രൂപീകരിക്കും. സംസ്ഥാനതലത്തിൽ ഒരു ഫെഡറേഷനും രൂപീകരിക്കുന്നതാണ്.

d) നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പുതിയ യൂണിറ്റുകൾക്ക് മൂലധന ചെലവിന്റെ 25% തുക

(പരമാവധി 25 ലക്ഷം വരെ) സബ്സിഡിയായി നൽകുന്നതാണ്.

e) ജൈവകൃഷി പ്രോത്സാഹനത്തിനായി 10 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും.

f) കൃഷി വകുപ്പിന്റെ കീഴിലുള്ള ആനയറ, വേങ്ങേരി എന്നീ മൊത്ത വ്യാപാര വിപണികൾ അഗ്രി സൂപ്പർമാളുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതാണ്.

g) പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, കശുവണ്ടി, കൊക്കോ, സുഗന്ധ വിളകൾ എന്നിവയുടെ വികസന പദ്ധതികൾക്കായി എസ്.എച്ച്.എം.ന് 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

h) 1 കോടി രൂപ ചെലവഴിച്ച് കൈതച്ചക്കയുടെ ഉൽപാദനം, സംസ്കരണം, വിതരണം, കയറ്റുമതി എന്നിവയെ ലക്ഷ്യമാക്കി ഒരു "പൈനാപ്പിൾ മിഷൻ" ആരംഭിക്കുന്നതാണ്.

i). സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ എന്നീ വിളകളുടെ വികസനത്തിനായി 19.00 കോടി രൂപയുടെ പദ്ധതി.

കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

a) പച്ചക്കറി കൃഷിക്കുവേണ്ടി "ഹൈടെക്" പോളിഹൗസ് കൃഷി രീതി വ്യാപകമായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

b) കുട്ടനാട്, പാലക്കാട് മേഖലയിൽ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി "റൈസ് ബയോ പാർക്ക്" സ്ഥാപിക്കും.

c) നാളികേര ഉൽപ്പാദനം രണ്ടിരട്ടിയായി വർദ്ധിപ്പിക്കുവാൻ "നാളികേര ബയോ പാർക്കുകൾ" സ്ഥാപിക്കും.

| | | | |
|---|---|---|---|
| **(ബി)** | സഹകരണ സംഘങ്ങൾ വഴി കാർഷിക പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(ബി)** | സഹകരണ സംഘങ്ങൾ വഴി കാർഷിക പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നിവ നടപ്പിലാക്കുന്നകാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ